LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സി-ആപ്റ്റ് എം.ഡി.-യെ ടിയാളുടെ മാതൃ സ്ഥാപനത്തിലേക്ക് തിരികെ അയയ്ക്കുവാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിന്റെ ഫയലിൽ സ്വീകരിച്ച് വരുന്നു.

അയോഗ്യരും അഴിമതിക്കാരുമായ സ്ഥാപന മേധാവികൾ

76(2935) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽ അയോഗ്യരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥരെ സ്ഥാപന മേധാവികളായി നിയമിക്കുന്നത് സംബന്ധിച്ച് ആക്ഷേപമുയർന്നിട്ടുണ്ടോ ;

(ബി) ഓപ്പൺ സ്കൂൾ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായി നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യത എന്താണ്; പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. പി. അബ്ദുൾ ജലീലിന് നിർദ്ദിഷ്ട യോഗ്യതയുണ്ടോ ;

(സി) ശ്രീ. പി. അബ്ദുൾ ജലീൽ കോ-ഓർഡിനേറ്ററായി ചുമതലയേറ്റതിനു ശേഷം സ്ഥാപനത്തിൽ ഫണ്ട് ക്രമക്കേട് നടന്നതായി പരാതി ഉയർന്നിട്ടുണ്ടോ ; ധനകാര്യ പരിശോധനാ വിഭാഗവും വിജിലൻസും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ ലോകായുക്തയിൽ കേസ് ഉണ്ടെന്നറിയിക്കുമോ ;

(ഡി) ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് രൂപീകരിച്ച സ്കോൾ കേരളയുടെ ഡയറക്ടർ സ്ഥാനത്തേക്ക് ശ്രീ. പി. അബ്ദുൾ ജലീലിനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ നിയമനം സംബന്ധിച്ച് ആക്ഷേപം ഉയർന്നിട്ടുണ്ടോ ; സർക്കാർ സർവ്വീസിലുള്ളവരെ മാത്രം നിയമിക്കുന്ന ഈ തസ്തികയിൽ എയ്ഡഡ് മേഖലയിൽ നിന്നുള്ള ഡോ. പി. എ. ഫാത്തിമയെ നിയമിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന് സർക്കാർ നിഷ്കർഷിക്കുന്ന സ്പെഷ്യൽ റൂൾസ് ഇല്ലാത്തതിനാൽ നിലവിൽ പ്രത്യേക യോഗ്യത നിശ്ചയിച്ച് ഉത്തരവായിട്ടില്ല. ശ്രീ. അബ്ദുൾ ജലീൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആണ് ഇപ്പോൾ ജോലി ചെയ്യുവരുന്നത്. ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായ ശ്രീ. അബ്ദുൾ ജലീലിന് സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിൽ ബിരുദാനന്തര ബിരുദവും B.Ed യോഗ്യതയും ഉണ്ട്.

(സി) ഓപ്പൺ സ്കൂൾ ഫണ്ട് തിരിമറികൾ ഉണ്ടെന്ന് കാണിച്ച് ബഹു. ലോകായുക്ത മുമ്പാകെ സമർപ്പിച്ച ആക്ഷേപത്തിന്മേൽ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ക്രൈംബ്രാഞ്ച് എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച മറ്റ് വിവരങ്ങൾ ലഭ്യമല്ല.

(ഡി) ഇതുസംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും ആയിട്ടില്ല.

(ഇ) എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ നിയമനത്തെ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടില്ല. 18-7-2014-ൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടറായിരുന്ന പ്രൊഫ. ഹാഷിം സ്ഥാനമൊഴിഞ്ഞശേഷം പ്രസ്തുത സ്ഥാപനത്തിൽ ഒരു സ്ഥിരം ഡയറക്ടർ ഉണ്ടായിട്ടില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രസ്തുത ചാർജ് നൽകുകയാണ് ചെയ്തിരുന്നത്. [ജി.ഒ.(ആർ.ടി.) നമ്പർ 2802/14/പൊ.വി.വ. തീയതി 15-7-2014] തുടർന്ന് 1-10-2014-ലെ ജി.ഒ.(ആർ.ടി.)നമ്പർ 3947/14/ പൊ.വി.വ. പ്രകാരം എസ്.സി.ഇ.ആർ.ടി.-യിലെ കരിക്കുലം തലവനായിരുന്ന ഡോ. എസ്. രവീന്ദ്രൻ നായർക്ക് എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ അധിക ചുമതല നൽകുകയുണ്ടായി. കൂടാതെ എസ്.സി.ഇ.ആർ.ടി.-യുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ (MOA) വ്യക്തമാക്കുന്നതനുസരിച്ച് സംസ്ഥാന സർക്കാരാണ് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ നിയമിക്കേണ്ടത്. 18-7-2014 മുതലുള്ള നീണ്ട കാലയളവ് എസ്.സി.ഇ.ആർ.ടി.-യിൽ സ്ഥിരം ഡയറക്ടർ ഇല്ലാത്തതിനാലാണ് MOA-യിലെ ആർട്ടിക്കിൾ 19 പ്രകാരം സംസ്ഥാന സർക്കാർ നെടുങ്കണ്ടം എം.ഇ.എസ്. കോളേജിലെ പ്രിൻസിപ്പാളായിരുന്ന ഡോ. പി. എ. ഫാത്തിമയെ എസ്.സി.ഇ.ആർ.ടി. ഡയറക്ടറായി നിയമിച്ച് ജി.ഒ. (ആർടി.)നമ്പർ 5243/15/ പൊ.വി.വ. തീയതി 9-11-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്.